പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

25/1/2018 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 86

## മൃഗസംരക്ഷണവകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. യു പ്രതിഭ ഹരി:<br>ശ്രീ.പി ഉണ്ണി<br>ശ്രീ.കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. വി.കെ.സി. മമ്മത് കോയ : | അഡ്വ .കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി). |

| | | |
| --- | --- | --- |
| എ) | പാൽ , മുട്ട, കോഴിയിറച്ചി എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | എ) 1. മൃഗാശുപത്രികളുടെ വികസനവും പുന: സംഘടനയും<br>2. ഗോസമൃദ്ധി- സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി<br>3. ബയോളജിക്കൽ പ്രോഡക്ഷൻ കോംപ്ലക്സ്<br>4.വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം.<br>5.രാഷ്ട്രീയപശുധൻ വികാസ് യോജന<br>6.ഊർജ്ജിത കന്നുകാലി വികസനം-ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ<br>7.വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും<br>8.പ്രത്യേക കന്നുകാലി വികസന പദ്ധതി<br>9.ഗോവർദ്ധിനി<br>10.ബാക്ക് യാർഡ് പൗൾട്രി ഡെവലപ്പ്മെന്റ് പ്രോജക്ട്.<br>11.വികസനവും പരിശീലനവും<br>12.മൃഗസംരക്ഷണ സ്ഥിതിവിവരണ കണക്കും സാമ്പിൾ സർവ്വേയും (50% കേന്ദ്രസഹായം)<br>13.കന്നുകാലി സെൻസസ് (100% കേന്ദ്രസഹായം)<br>14.വിവരസാങ്കേതിക വിദ്യ മെച്ചപ്പെടുത്തലും ആധുനികവത്ക്കരണവും.<br>15.കേരള സംസ്ഥാന പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷന് സാമ്പത്തിക സഹായം<br>16.കേരള ഫീഡ്സിന് സാമ്പത്തിക സഹായം<br>17.കെ.എൽ.ഡി. ബോർഡിന് സാമ്പത്തിക സഹായം<br>18.മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയ്ക്ക് സാമ്പത്തിക സഹായം<br>അത്യുല്പാദന ശേഷിയുള്ള മുട്ടക്കോഴികളെ വെറ്ററിനറി സർവ്വകലാശാലയുടെ പൗൾട്രിവിഭാഗം പുറത്തിറക്കിയിട്ടുണ്ട്.<br>മുട്ട, കോഴിയിറച്ചി എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കെപ്കോ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. കൂടാതെ കുടുംബശ്രീയുമായി സഹകരിച്ച് ഇറച്ചിക്കോഴിവളർത്തൽ വ്യാപകമാക്കുന്നതിനായി പുതിയ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | സംസ്ഥാനത്തെ കാലിസമ്പത്ത് വർദ്ധിപ്പിക്കാൻ പ്രഖ്യാപിച്ച പദ്ധതിയുടെ പുരോഗതി അറിയിക്കാമോ ; | ബി) | **പ്രത്യേക കന്നുകാലി വികസന പദ്ധതി**<br>ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കന്നുകുട്ടികൾ പൂർണ്ണവളർച്ചയെത്തുന്ന പ്രായം കുറച്ചുകൊണ്ടുവരികയും, പ്രസവങ്ങൾക്കിടയിലുള്ള കാലദൈർഘ്യം കുറയ്ക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2001-02 മുതൽ സംസ്ഥാനാവിഷ്കൃത പദ്ധതിയിൻകീഴിൽ മൃഗസംരക്ഷണ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ഈ പരിപാടി നടപ്പാക്കുന്നത്.2017-18 വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന പദ്ധതി എന്നിവയുടെ സഹായത്തോടെ 20622 കന്നുകുട്ടികളെ ഈ പദ്ധതിയിൽ പുതിയതായി ചേർത്തിട്ടുണ്ട്. കൂടാതെ 2016-17 ൽ എൻറോൾ ചെയ്ത 25778 കന്നുകുട്ടികൾക്കുള്ള രണ്ടാംവർഷ സഹായം ലഭ്യമാക്കിയിട്ടുണ്ട്. സംയോജിത പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കി വരുന്നു.<br>**ഗോവർദ്ധിനി**<br>കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനം ലക്ഷ്യമിട്ട് പദ്ധതി നടപ്പിലാക്കുന്നു. 2016-2017 -ൽ എൻറോൾ ചെയ്തതിൽ 47760 കന്നുകുട്ടികൾക്ക് രണ്ടാം വർഷ സഹായം നൽകി. 2017-2018 -ൽ പുതുതായി 14448 കന്നുകുട്ടികളെ എൻറോൾ ചെയ്തു. പ്രസ്തുത കന്നുകുട്ടികൾക്ക് പദ്ധതി കാലയളവിൽ ആവശ്യാനുസരണം വിരമരുന്ന്, പ്രതിരോധ കുത്തിവയ്പുകൾ, ആരോഗ്യ പരിരക്ഷ മുതലായവയും നൽകുന്നു. |
| സി) | തീറ്റപ്പുല്ല്, ഗുണനിലവാരമുള്ള കാലിത്തീറ്റ എന്നിവ ആവശ്യാനുസരണം സംസ്ഥാനത്ത് തന്നെ ഉല്പാദിപ്പിക്കാൻ വേണ്ടി നടപ്പാക്കിയ പ്രവർത്തനങ്ങൾ അറിയിക്കുമോ? | സി) | ക്ഷീരവികസന വകുപ്പ് നടപ്പു സാമ്പത്തിക വർഷം 578 ലക്ഷം രൂപയുടെ ധനസഹായ പദ്ധതികൾ തീറ്റപ്പുൽകൃഷി വികസനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br>1. 20 സെന്റിന് താഴെ - 1310 ഹെക്ടർ - 262 ലക്ഷം രൂപ ധനസഹായം<br>2. 20 സെന്റിന് മുകളിൽ - 400 ഹെക്ടർ - 30 ലക്ഷം രൂപ ധനസഹായം<br>3. കടത്തുകൂലി - 1.523 ലക്ഷം<br>4. ഡെയറി പ്രൊമോട്ടർമാർക്ക് ഇൻസെന്റീവ്- 162- 77.76 ലക്ഷം<br>5.അസോള കൃഷി -3500 -21 ലക്ഷം<br>6. ഇറിഗേഷൻ അസിസ്റ്റൻസ് - 82 – 8.2 ലക്ഷം<br>7. ഇറിഗേഷൻ അസിസ്റ്റൻസ്(1 ഏക്കറിന് മുകളിൽ) -15- 3.75 ലക്ഷം<br>8. മെക്കനൈസേഷൻ & മോഡണൈസേഷൻ 81- 8.1 ലക്ഷം<br>9. ഫോഡർ ട്രീസ് -50500 – 2.252 ലക്ഷം<br>10. സീസണൽ ക്രോപ്പ് (Seed cost) -50 ഹെക്ടർ - 1.12 ലക്ഷം<br>11. മക്കചോളം കൃഷി -50 ഹെക്ടർ - 7.075 ലക്ഷം<br>12. തരിശുഭൂമിയിൽ പുൽകൃഷി -94 ഹെക്ടർ -87.488 ലക്ഷം<br>13.തീറ്റപ്പുൽകൃഷിയും വിപണനവും (SHG/DCS/Women group) -20 – 15 ലക്ഷം<br>14 സൗജന്യ നിരക്കിൽ തീറ്റപ്പുൽ വിതരണം(SHG/DCS/ Women |

group)80 – 8 ലക്ഷം

15. ഹൈഡ്രോപോണിക്സ് പുൽകൃഷി -23- 24.95 ലക്ഷം

16 .സ്റ്റേറ്റ് ഫോഡർ ഫാം ധനസഹായം -1 - 10 ലക്ഷം

17. ഫോഡർ കം അസോള നെഴ്സറി -5 - 4.5 ലക്ഷം

ഈ പദ്ധതികൾ വഴി നടപ്പു വർഷം 1801 ഹെക്ടർ സ്ഥലത്ത് അധികമായി തീറ്റപ്പുൽ കൃഷി ചെയ്യുക വഴി 2,70,660 ടൺ തീറ്റപ്പുൽ അധികമായി ഉല്പാദിപ്പിക്കാൻ കഴിയും

ഗുണനിലവാരമുള്ള കാലിത്തീറ്റ സംസ്ഥാനത്ത് തന്നെ ഉത്പാദിപ്പിക്കാൻ വേണ്ടി കേരളാ ഫീഡ്സിന് തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിൽ പ്രതിദിനം 650 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും, കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ പ്രതിദിനം 300 മെട്രിക് ടൺ ഉത്പാദന ശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും, കോഴിക്കോട് ജില്ലയിലെ തിരുവാങ്ങൂരിൽ 300 മെട്രിക് ടൺ ഉത്പാദന ശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും പ്രവർത്തിച്ച് വരുന്നു. കൂടാതെ ഇടുക്കി ജില്ലയിലെ തൊടുപുഴയ്ക്കടുത്ത് അരിക്കുഴയിൽ 500 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള ഫാക്ടറിയുടെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. 2018 അവസാനത്തോടെ നിർമ്മാണം പൂർത്തീകരിച്ച് ഉത്പാദനം തുടങ്ങാനാകുമെന്ന് പ്രതീക്ഷിക്കുന്നു. അതോടെ കേരളാ ഫീഡ്സിന്റെ പ്രതിദിന കാലിത്തീറ്റ ഉത്പാദന ശേഷി 1750 മെട്രിക് ടൺ ആകും.

കാലിത്തീറ്റ- കോഴിത്തീറ്റ നിർമ്മാണത്തിനായി വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി ക്യാമ്പസ്സിലും തിരുവാഴാംകുന്ന് ക്യാമ്പസ്സിലും പുതിയ തീറ്റ ഫാക്ടറികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കേരള സംസ്ഥാന പൗൾട്രി വികസന കോർപറേഷന്റെ കീഴിൽ കോഴിത്തീറ്റ ഉല്പാദനത്തിനായി നിലവിൽ 2 പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിലും കൊല്ലം ജില്ലയിലെ കൊട്ടിയത്തുമാണ് അവ. തൃശ്ശൂർ ജില്ലയിലെ മാളയിൽ പുതിയ പ്ലാന്റ് പ്രവർത്തനക്ഷമമായി വരികയാണ്.

സെക്ഷൻ ഓഫീസർ